# Golden Jubilee of MSST Congregation, Kollam (10.01.2009)

***Introduction to Holy Mass***

Missionary Sisters of St. Therese, അതായത് വിശുദ്ധ കൊച്ചുത്രേസ്യായുടെ പ്രേഷിത സഹോദരികൾ എന്ന സന്യാസ സമൂഹം ഇന്ന് അവരുടെ സഭാ സ്ഥാപനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുകയാണല്ലോ. ഈ സഭാ സമൂഹത്തിന്റെ സ്ഥാപകനായ അഭിവന്ദ്യ ജറോം ഫെർണാണ്ടസ് പിതാവിന്റെ സ്മരണയ്ക്കു മുമ്പിൽ ആദ്യമായി ആദരാഞ്ജലികൾ അർപ്പിക്കുന്നതോടൊപ്പം വിശുദ്ധ കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥത്തിലൂടെ നിരവധിയായ അനുഗ്രഹാശ്ശിസുകൾ തുടർന്നും ദൈവം ഇവരുടെമേൽ വർഷിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഇത് ഒരു Missionary Congregation അഥവാ ഒരു പ്രേഷിത സമൂഹമാണ്. അഭിവന്ദ്യ ജറോം ഫർണാണ്ടസ് പിതാവ് ആഗ്രഹിച്ചതുപോലെ ഇവരുടെ പ്രേഷിത പ്രവർത്തനങ്ങൾ കൊല്ലം രൂപതയുടെ ഉള്ളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നല്ല, പിന്നെയോ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും വ്യാപിക്കാനുള്ളതാണ്. ഈ പ്രേഷിത പ്രവർത്തനങ്ങളുടെ അന്തഃസത്ത എന്തായിരിക്കണമെന്ന് ഞാൻ ചിന്തിക്കുകയായിരുന്നു. അപ്പോഴാണ് ഒരു നോവലിലെ എന്നെ സ്പർശിച്ച ഒരു കഥാപാത്രത്തെക്കുറിച്ചുള്ള ഓർമ്മ എന്റെ മനസ്സിലൂടെ കടന്നുപോയത്.

താരാശങ്കർ ബാനർജി എന്ന പ്രസിദ്ധനായ നോവലിസ്റ്റ് ''സപ്തതി'' എന്ന ഒരു നോവൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അതിൽ അദ്ദേഹം അവതരിപ്പിക്കുന്ന ഒരു പ്രധാന കഥാപാത്രമാണ് കൃഷ്ണസ്വാമി എന്ന യുവാവ്. ജിവിതത്തിൽ വളരെയേറെ പ്രതിസന്ധികളിലൂടെ കടന്നുപോയ ഒരു യുവാവാണ് കൃഷ്ണസ്വാമി. ജീവിതത്തിന് ഒരു അർത്ഥവുമില്ലെന്ന് തോന്നിപ്പോയ അവസരങ്ങൾ ധാരാളമുണ്ടായിരുന്നു. അവസാനം, ആരെയും വെറുക്കാതെ എല്ലാവർക്കും ആവുന്നത്ര നന്മചെയ്യുകയാണ് ജീവിതത്തിന് അർത്ഥം നൽകുന്നതെന്ന് അയാൾ കണ്ടെത്തി. കുറെ നാട്ടുവൈദ്യവുമൊക്കെ പഠിച്ച് ഒരു സൈക്കിളിൽ കുറെ മരുന്നുകളുമായി ആയാൾ ഗ്രാമപ്രദേശങ്ങളിൽ ചുറ്റിസഞ്ചരിച്ച് പാവപ്പെട്ടവരെ ശുശ്രൂഷിക്കുമായിരുന്നു. വഴിക്കവലകളിൽ ചെന്ന് നിന്ന് കാണുന്നവരോടൊക്കെ അയാൾ സ്നേഹപൂർവ്വം ചോദിക്കുമായിരുന്നു: 'സുഖമാണോ?', 'അതേ, സുഖമാണ്' എന്ന് പറഞ്ഞ് ഓരോരുത്തരും മുന്നോട്ടു പോകുമ്പോൾ അയാൾ പുറകിൽ നിന്ന് ഇപ്രകാരം വിളിച്ചു പറയും: ''അതേ, എന്നും ഇതുപോലെ സുഖമായിരിക്കണേ. ഭൂമിയിൽ മനുഷ്യർക്ക് സുഖമുണ്ടെങ്കിലേ സ്വർഗ്ഗത്തിൽ ദൈവത്തിന് സുഖമുണ്ടാവുകയുള്ളൂ''. ക്രിസ്മസിന്റെ ഈ ദിവസങ്ങളിൽ നാം കൂടെ കൂടെ കേട്ടുകൊണ്ടിരിക്കുന്ന മാലാഖമാരുടെ ആശംസയും സന്ദേശവും ഇതാണല്ലോ: ''അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം! ഭൂമിയിൽ ദൈവകൃപ നിറഞ്ഞവർക്ക് സമാധാനം!'' അതായത് അത്യുന്നതങ്ങളിൽ ദൈവത്തിന് സുഖം! ഭൂമിയിൽ മനുഷ്യർക്ക് സുഖം. ഭൂമിയിൽ മനുഷ്യർക്ക് സുഖമുണ്ടെങ്കിലേ സ്വർഗ്ഗത്തിൽ ദൈവത്തിനും സുഖമുണ്ടാവുകയുള്ളൂ.

ഈ അവബോധമായിരിക്കണം സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഈ സന്യാസ സമൂഹത്തിന്റെ പ്രേഷിത പ്രവർത്തനങ്ങളുടെയെല്ലാം അന്തഃസത്ത. ദൈവസ്നേഹത്തെപ്രതി സ്വയം ശൂന്യരാകുമ്പോൾ നമ്മിൽ വന്നുനിറയുന്ന സുഖം ആഴമായി അനുഭവിക്കുകയും ഈ സുഖാനുഭവം എല്ലാവർക്കും പകർന്നുകൊടുക്കുവാനും സാധിച്ചാൽ മാത്രമേ നമ്മുടെ പ്രവർത്തനങ്ങളെയെല്ലാം പ്രേഷിത പ്രവർത്തനങ്ങളായി വിശേഷിപ്പിക്കാൻ സാധിക്കുകയുള്ളൂ. സ്ഥാപകനായ അഭിവന്ദ്യ ജറോം ഫർണാണ്ടസ് പിതാവ് ആഗ്രഹിച്ചതുപോലെ ഒരു പ്രേഷിത സമൂഹമായി ഇനിയും വളർന്നു വികസിക്കുവാനുള്ള അനുഗ്രഹാശ്ശിസുകൾ ദൈവം ഈ സന്യാസ സമൂഹത്തിന് സമൃദ്ധമായി നൽകുമാറാകട്ടെ.

ഈ ഉദ്ദേശത്തോടുകൂടി നമുക്കെല്ലാവർക്കും ഈ ദിവ്യബലിയർപ്പിക്കാം. യോഗ്യതയോടുകൂടി ഈ ദിവ്യബലി ദൈവപിതാവിന് സമർപ്പിക്കുവാനായി പതിവുപോലെ നമ്മുടെ എല്ലാ തെറ്റുകളും കുറ്റങ്ങളും ദൈവത്തോട് ഏറ്റുപറഞ്ഞ് മാപ്പു ചോദിക്കാം. പരിശുദ്ധമായ ഹൃദയത്തോടും മനഃസാക്ഷിയോടും കൂടി ഈ ദിവ്യബലിയിൽ സംബന്ധിക്കുവാൻ നമുക്കിപ്പോൾ നമ്മെത്തന്നെ ഒരുക്കാം.